# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4276 | 27.06.2013- ൽ മറുപടിക്ക് |
| --- | --- |

### ഹയർ സെക്കണ്ടറിക്ക് ജില്ലാതല ഓഫീസുകൾ

| ചോദ്യം. | ഉത്തരം |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>വിദ്യാഭ്യാസ വകുപ്പ് മന്ത്രി. |
| (എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് എത്ര മേഖലാ ഓഫീസുകൾ ഉണ്ടെന്നും അവയുടെ പരിധിയിൽ വരുന്ന ജില്ലകളും വിശദീകരിക്കാമോ; | (എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന് മൂന്ന് മേഖലാ ഓഫീസുകളാണുള്ളത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകൾക്കായി തിരുവനന്തപുരത്തും; കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകൾക്കായി എറണാകുളത്തും; മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾക്കായി കോഴിക്കോട്ടും ആണ് മേഖലാ ഓഫീസുകൾ നിലവിലുള്ളത്. |
| (ബി) കൂടുതൽ പ്ലസ് ടു കോഴ്സുകളും ബാച്ചുകളും അനുവദിക്കുന്ന സാഹചര്യത്തിൽ ഹയർ സെക്കണ്ടറിക്ക് ജില്ലാതല ഓഫീസുകൾ ആരംഭിക്കുമോ? | (ബി) ഇടുക്കി, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകൾക്കായി കോട്ടയത്തും; പാലക്കാട്, മലപ്പുറം ജില്ലകൾക്കായി മലപ്പുറത്തും; കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി കണ്ണൂരും മൂന്ന് മേഖലാ ഓഫീസുകൾ കൂടി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ആണ്. |

സെക്ഷൻ ഓഫീസർ